**മധുരമായ കുട്ടികളേ - ശാന്തി നിങ്ങളുടെ കഴുത്തിലെ മാലയാണ്, ആത്മാവിന്റെ സ്വധർമ്മമാണ്, അതിനാൽ ശാന്തിക്ക് വേണ്ടി അലഞ്ഞുതിരിയേണ്ട കാര്യമില്ല, നിങ്ങൾ തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ.**

**ചോദ്യം -** മനുഷ്യൻ ഏതെങ്കിലും വസ്തുവിനെ ശുദ്ധമാക്കുന്നതിന് വേണ്ടി ഏതൊരു യുക്തിയാണ് പ്രയോഗിക്കുന്നത്, എന്നാൽ ബാബ എതൊരു യുക്തിയാണ് രചിച്ചിരിക്കുന്നത്?
**ഉത്തരം -** മനുഷ്യർ ഏതെങ്കിലും വസ്തുവിനെ ശുദ്ധമാക്കുന്നതിന് വേണ്ടി അതിനെ അഗ്നിയിൽ ഇടാറുണ്ട്. യജ്ഞം രചിക്കുമ്പോൾ അതിലും അഗ്നി കത്തിക്കാറുണ്ട്. ഇവിടെയും ബാബ രുദ്ര യജ്ഞം രചിച്ചിരിക്കുകയാണ് പക്ഷെ ഇത് ജ്ഞാന യജ്ഞമാണ്, ഇതിൽ സർവ്വരുടേയും ആഹൂതി നടക്കും. നിങ്ങൾ കുട്ടികൾ ദേഹസഹിതം എല്ലാം ഇതിൽ സ്വാഹാ ചെയ്യുന്നുണ്ട്. നിങ്ങൾക്ക് യോഗം ചെയ്യണം. യോഗത്തിന്റെ തന്നെയാണ് പന്തയം നടക്കുന്നത്. ഇതിലൂടെ നിങ്ങൾ ആദ്യം രുദ്രന്റെ കഴുത്തിലെ മാലയാകും പിന്നെ വിഷ്ണുവിന്റെ കഴുത്തിലെ മാലയിൽ കോർക്കപ്പെടും.

**ഗീതം -** ഓം നമ: ശിവായ...........

**ഓം ശാന്തി.** ആരുടെ മഹിമയാണ് കേട്ടത്? പാരലൗകിക പരംപിതാ പരമാത്മാവ് അർത്ഥം പരമാത്മാവിന്റെ മഹിമയാണ്. സർവ്വ ഭക്തരും അഥവാ സാധന ചെയ്യുന്നവരും ബാബയെയാണ് ഓർമ്മിക്കുന്നത്. ബാബയെ പതിത പാവനൻ എന്നാണ് പറയാറുള്ളത്. കുട്ടികൾക്ക് അറിയാം ഭാരതം പാവനമായിരുന്നു. ലക്ഷ്മി നാരായണന്റേത് പവിത്ര പ്രവൃത്തി മാർഗ്ഗത്തിന്റെ ധർമ്മമായിരുന്നു, അതിനെയാണ് ആദി സനാതന ദേവി ദേവതാ ധർമ്മം എന്ന് പറയുന്നത്. ഭാരതത്തിൽ പവിത്രതയും സുഖവും ശാന്തിയും സമ്പത്തുമെല്ലാം ഉണ്ടായിരുന്നു. പവിത്രത ഇല്ലെങ്കിൽ ശാന്തിയും ഉണ്ടാകില്ല, സുഖവുമുണ്ടാകില്ല. ശാന്തിക്കു വേണ്ടി ചുറ്റിത്തിരിയുകയാണ്. കാടുകളിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ഒരാൾക്ക് പോലും ശാന്തിയില്ല എന്തുകൊണ്ടെന്നാൽ അച്ഛനെ അറിയുന്നില്ല, മാത്രമല്ല സ്വയം ആത്മാവാണെന്നും, ഇത് എന്റെ ശരീരമാണെന്നും അറിയുന്നില്ല. ഇതിലൂടെ കർമ്മം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്റെ സ്വധർമ്മം തന്നെ ശാന്തിയാണ്, ഇത് ശരീരത്തിലെ അവയവങ്ങളാണ്. നമ്മൾ ആത്മാക്കൾ നിർവ്വാണം അഥവാ പരംധാമ നിവാസിയാണ് എന്നത് പോലും അറിയുന്നില്ല. ഈ കർമ്മക്ഷേത്രത്തിൽ നമ്മൾ ശരീരത്തെ ആധാരമാക്കി പാർട്ട് അഭിനയിക്കുകയാണ്. ശാന്തിയുടെ മാല കഴുത്തിൽ ഇരിക്കുന്നുണ്ട് എന്നിട്ട് പുറത്ത് അലഞ്ഞുകൊണ്ടിരിക്കുന്നു. ചോദിക്കുകയാണ് മനസ്സിന് എങ്ങനെയാണ് ശാന്തി കിട്ടുക? അവർക്ക് അറിയില്ല മനസ്സും ബുദ്ധിയും അടങ്ങിയതാണ് ആത്മാവ്. ആത്മാവ് പരംപിതാ പരമാത്മാവിന്റെ സന്താനമാണ്. ബാബ ശാന്തിയുടെ സാഗരനാണ്, നമ്മൾ ബാബയുടെ കുട്ടികളുമാണ്. ഇപ്പോൾ മുഴുവൻ ലോകത്തിലും അശാന്തിയാണ്. എല്ലാവരും ശാന്തി വേണം എന്ന് പറയുകയാണ്. അപ്പോൾ മുഴുവൻ ലോകത്തിന്റേയും അധികാരി ശിവായ നമ: എന്ന് വിശേഷിപ്പിക്കുന്ന ആ ഒന്നിനെയാണ്. ഉയർന്നതിലും ഉയർന്ന ഭഗവാൻ, ശിവൻ ആരാണ്? ഇതും ഒരു മനുഷ്യർക്കും അറിയില്ല പൂജയും ചെയ്യുന്നുണ്ട്, ചിലർ സ്വയത്തെ ശിവോഹം എന്ന് പറയുന്നുണ്ട്. ശിവൻ ഒരേ ഒരു അച്ഛനാണല്ലോ. മനുഷ്യർ സ്വയത്തെ ശിവൻ എന്ന് പറയുക, ഇത് വലിയ പാപമാകുമല്ലോ. ശിവനെ തന്നെയാണ് പതിത പാവനൻ എന്ന് പറയുന്നത്. ബ്രഹ്മാ വിഷ്ണു ശങ്കരൻ അഥവാ ഏതെങ്കിലും മനുഷ്യനെ പതിത പാവനൻ എന്ന് പറയില്ല. പതിത പാവനനും സദ്ഗതി ദാതാവും ആ ഒന്ന് തന്നെയാണ്. മനുഷ്യന് മനുഷ്യനെ പാവനമാക്കാൻ കഴിയുകയില്ല എന്തുകൊണ്ടെന്നാൽ ഇത് മുഴുവൻ ലോകത്തിന്റേയും പ്രശ്നമാണല്ലോ. ബാബാ മനസ്സിലാക്കി തരുകയാണ് - എപ്പോഴാണോ സത്യയുഗം ഉണ്ടായിരുന്നത് അപ്പോൾ ഭാരതം പാവനമായിരുന്നു, ഇപ്പോൾ പതിതമായിരിക്കുന്നു. അതിനാൽ മുഴുവൻ സൃഷ്ടിയേയും ആരാണോ പാവനമാക്കി മാറ്റുന്നത് അവരെത്തന്നെ ഓർമ്മിക്കണം. ബാക്കി ഇത് പതിത ലോകമാണ്. മഹാത്മാവ് എന്ന് നിങ്ങൾ ആരെയാണോ വിളിക്കുന്നത് അവരൊന്നും അല്ല. പാരലൗകിക അച്ഛനേപ്പോലും അറിയുന്നില്ല. ഭാരതത്തിൽ ശിവജയന്തിക്ക് മഹിമയുണ്ടെങ്കിൽ തീർച്ചയായും ഭാരതത്തിൽ വന്നിട്ടുണ്ടാകും, പതിതരെ പാവനമാക്കുകയും ചെയ്യും. പറയുകയാണ് ഞാൻ സംഗമത്തിലാണ് വരുന്നത്, അതിനെയാണ് കുംഭമേള എന്ന് പറയുന്നത്. ആ ജലത്തിന്റെ സാഗരവും നദികളും തമ്മിലുള്ള കുംഭമേളയല്ല ഇത്. ജ്ഞാന സാഗരനും പതിത പാവനനായ ബാബയും വന്ന് സർവ്വ ആത്മാക്കളേയും പാവനമാക്കി മാറ്റുന്നുണ്ട് അതാണ് കുംഭമേള. ഇതും അറിയാം ഭാരതം എപ്പോൾ സ്വർഗ്ഗമായിരുന്നോ അപ്പോൾ ഒരേഒരു ധർമ്മമാണ് ഉണ്ടായിരുന്നത്. സത്യയുഗത്തിൽ സൂര്യവംശി രാജ്യമായിരുന്നു പിന്നെ ത്രേതയിൽ ചന്ദ്രവംശിയും, അതുകൊണ്ടാണ് മഹിമ പാടുന്നത് - രാമനെ പോലെയുള്ള രാജാവും, രാമനെപ്പോലെ

യുള്ള പ്രജയും...ത്രേതയെ കുറിച്ച് തന്നെ ഇത്രയധികം മഹിമ ഉണ്ടെങ്കിൽ അതിനെക്കാൾ മഹിമ സത്യയുഗത്തിന് ഉണ്ടാകും. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം, പവിത്രമായ ജീവാത്മാക്കളാണ് അവിടെ ജീവിച്ചിരുന്നത് ബാക്കി മറ്റു ധർമ്മങ്ങളിലുള്ള ആത്മാക്കളെല്ലാം നിർവ്വാണധാമത്തിലായിരുന്നു. ആത്മാവ് എന്താണ്, പരമാത്മാവ് എന്താണ് – ഇതും ഒരു മനുഷ്യർക്കും അറിയില്ല. ആത്മാവ് വളരെ ചെറിയ ബിന്ദുവാണ്, അതിൽ 84 ജന്മങ്ങളുടെ പാർട്ടാണ് അടങ്ങിയിരിക്കുന്നത്. 84 ലക്ഷം ജന്മങ്ങളൊന്നും ഉണ്ടാവുകയില്ല. 84 ലക്ഷം ജന്മങ്ങൾ കല്പകല്പം കറങ്ങിക്കൊണ്ടിരിക്കുക, ഇത് ഒരിക്കലും ഉണ്ടാവുകയില്ല. 84 ജന്മങ്ങളുടെ ചക്രം തന്നെയാണ് ഇത്, അതും എല്ലാവർക്കും ഇത്രയും ജന്മമില്ല. ആരാണോ ആദ്യം ഉണ്ടായിരുന്നത് അവരിപ്പോൾ പുറകിലാണ്, വീണ്ടും അവർ ആദ്യം വരും. വൈകി വരുന്ന സർവ്വ ആത്മാക്കളും നിർവ്വാണധാമത്തിൽ വസിക്കും. ഈ കാര്യങ്ങളെല്ലാം ബാബയാണ് മനസ്സിലാക്കി തരുന്നത്. ബാബയെ തന്നെയാണ് സർവ്വ ശക്തിവാൻ എന്ന് പറയുന്നത്.

ബാബ പറയുകയാണ് ഞാൻ വന്ന് ബ്രഹ്മാവിലൂടെ എല്ലാ വേദ ശാസ്ത്രങ്ങളുടേയും ഗീതയുടേയുമെല്ലാം സാരമാണ് മനസ്സിലാക്കി തരുന്നത്. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ കാര്യങ്ങളെ കുറിച്ചുള്ള ശാസ്ത്രങ്ങളാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. ഞാൻ വന്ന് എങ്ങനെയാണ് യജ്ഞം രചിച്ചിരിക്കുന്നത്, ഈ കാര്യങ്ങളൊന്നും ശാസ്ത്രങ്ങളിൽ ഇല്ല. ഇതിന്റെ പേരാണ് രാജസ്വ അശ്വമേധ രുദ്ര ജ്ഞാന യജ്ഞം. രുദ്രൻ ശിവനാണ്, ഇതിൽ സർവ്വർക്കും സ്വാഹാ ആകണം. ബാബ പറയുകയാണ് ദേഹസഹിതം ഏതെല്ലാം മിത്രങ്ങളും ബന്ധുക്കളുമുണ്ടോ അവരെയെല്ലാം മറക്കൂ. ഒരു ബാബയെ ഓർമ്മിക്കൂ. ഞാൻ സന്യാസിയാണ്, ക്രിസ്ത്യനാണ്....ഇതെല്ലാം ദേഹത്തിന്റെ ധർമ്മങ്ങളാണ് ഇതെല്ലാം ഉപേക്ഷിച്ച് മനസ്സു കൊണ്ട് എന്നെ ഓർമ്മിക്കൂ. നിരാകാരനായ ബാബ വരുന്നുണ്ടെങ്കിൽ ശരീരത്തിലേക്കായിരിക്കുമല്ലോ. പറയുന്നുണ്ട് എനിക്കും പ്രകൃതിയുടെ ആധാരം എടുക്കേണ്ടി വരുന്നുണ്ട്. ഞാൻ തന്നെയാണ് വന്ന് ഈ ശരീരത്തിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നത്. പഴയ ലോകത്തിന്റെ വിനാശം സമീപത്താണ് നിൽക്കുന്നത്. പാടുന്നുണ്ട് പ്രജാപിതാ ബ്രഹ്മാവിലൂടെ സ്ഥാപന, ഫരിസ്തകളുടെ ലോകമാണ് സൂക്ഷ്മവതനം. അവിടെ എല്ലുകളോ മാംസമോ കൊണ്ടുള്ള ശരീരം ഉണ്ടാവുകയില്ല. അവിടെ സൂക്ഷ്മ ശരീരമാണ് ഉണ്ടാവുക, വെളുത്ത നിറത്തിൽ പ്രേതത്തെ പോലെ ഉണ്ടാകും. ശരീരം ലഭിക്കാത്ത ആത്മാക്കൾ അലഞ്ഞു നടന്നുകൊണ്ടിരിക്കും. നിഴലു പോലെയുള്ള രൂപമായിരിക്കും, അതിനെ പിടിക്കാനൊന്നും കഴിയില്ല. ഇപ്പോൾ ബാബ പറയുകയാണ് കുട്ടികളെ എന്നെ ഓർമ്മിക്കൂ എങ്കിൽ ഓർമ്മയിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. പാടുന്നുണ്ട് വളരെ കഴിഞ്ഞുപോയി, അല്പം ബാക്കിയുണ്ട്...ഇപ്പോൾ അവശേഷിക്കുന്നത് വളരെ കുറച്ച് സമയമാണ്. എത്ര കഴിയുമോ ബാബയെ ഓർമ്മിക്കണം എങ്കിൽ അന്തിമ മനം പോലെ ഗതിയാകും. ഗീതയിലെ കുറച്ച് വാക്കുകൾ ശരിയാണ്. ആട്ടയിൽ ഉപ്പ് ചേർക്കുന്നത് പോലെ ചില ചില വാക്കുകളെല്ലാം ശരിയാണ്. ആദ്യം ഭഗവാൻ നിരാകാരനാണ് എന്നത് മനസ്സിലാക്കണം. നിരാകാരനായ ഭഗവാൻ എങ്ങനെയാണ് സംസാരിക്കുന്നത്? പറയുന്നുണ്ട് സാധാരണ ബ്രഹ്മാ ശരീരത്തിലൂടെയാണ് രാജയോഗം അഭ്യസിപ്പിക്കുന്നത്. കുട്ടികളെ എന്നെ ഓർമ്മിക്കൂ. ഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നതിനും ബാക്കി സർവ്വ ധർമ്മങ്ങളുടേയും വിനാശം ചെയ്യിപ്പിക്കാനാണ് ബാബ വന്നിരിക്കുന്നത്. ഇപ്പോൾ അനേകം ധർമ്മങ്ങളാണ് ഉള്ളത്. ഇന്നേക്ക് 5000 വർഷങ്ങൾക്ക് മുമ്പ് സത്യയുഗത്തിൽ ഒരു ആദി സനാതന ദേവി ദേവതാ ധർമ്മം ഉണ്ടായിരുന്നു. എല്ലാ ആത്മാക്കളും അവരവരുടെ കർമ്മകണക്കുകൾ ഇല്ലാതാക്കി തിരിച്ച് പോകും. ഇതിനെ കണക്കെടുപ്പിന്റെ സമയം എന്നാണ് പറയാറുള്ളത്. സർവ്വരുടേയും ദു:ഖത്തിന്റെ കർമ്മകണക്ക് ഇല്ലാതാകണം. പാപങ്ങളുടെ കാരണത്താലാണ് ദു:ഖം ഉണ്ടാകുന്നത്. പാപത്തിന്റെ കണക്ക് ഇല്ലാതാക്കിയതിനു ശേഷം പിന്നെ പുണ്യം ആരംഭിക്കും. ഓരോ വസ്തുവിനേയും ശുദ്ധമാക്കുന്നതിന് അഗ്നിയിൽ വെക്കാറുണ്ടല്ലോ. യജ്ഞം രചിക്കുമ്പോൾ അതിലും അഗ്നി കത്തിക്കാറുണ്ട്. ഇത് വസ്തുക്കളുടെ യജ്ഞമൊന്നുമല്ല. ഇത് രുദ്ര ജ്ഞാന യജ്ഞമാണ്. കൃഷ്ണ ജ്ഞാന യജ്ഞമെന്ന് പറയാറില്ല. കൃഷ്ണൻ ഒരു യജ്ഞവും രചിച്ചിട്ടില്ല, കൃഷ്ണൻ രാജകുമാരനായിരുന്നു. ആപത്തുകളുടെ സമയത്താണ് യജ്ഞം രചിക്കാറുള്ളത്. ആ സമയത്ത് എല്ലായിടത്തും ആപത്തുകളാണ്, ധാരാളം മനുഷ്യർ രുദ്ര യജ്ഞവും രചിക്കുന്നുണ്ട്. രുദ്ര ജ്ഞാന യജ്ഞമൊന്നും രചിക്കുന്നില്ല. അത് രുദ്രനായ പരംപിതാ പരമാത്മാവ് വന്നിട്ടാണ് രചിക്കുന്നത്. പറയുകയാണ് ഇത് രുദ്ര ജ്ഞാന യജ്ഞമാണ്, ഇതിൽ സർവ്വരുടേയും ആഹൂതി നടക്കും. ബാബ വന്നിരിക്കുകയാണ്, യജ്ഞത്തെ രചിക്കുകയും ചെയ്തിരിക്കുന്നു. ഏതുവരെ രാജധാനിയുടെ സ്ഥാപന പൂർത്തിയാകുന്നില്ലയോ അതോടൊപ്പം സർവ്വരും പാവനമാകുന്നില്ലയോ അതു വരെ ഈ യജ്ഞം തുടരും. പെട്ടെന്ന് തന്നെ സർവ്വരും പാവനമാവുകയില്ല. അവസാനം വരെ യോഗം ചെയ്യണം. ഇത് യോഗത്തിന്റെ ഓട്ടപന്തയമാണ്. എത്ര കൂടുതൽ ബാബയെ ഓർമ്മിക്കുന്നോ, അത്രയും വേഗം ഓടി രുദ്രന്റെ കഴുത്തിലെ മാലയിൽ കോർക്കപ്പെടും. പിന്നെ വിഷ്ണുവിന്റെ കഴുത്തിലെ മാലയാകും. ആദ്യം രുദ്രന്റെ മാല പിന്നെയാണ് വിഷ്ണുവിന്റെ മാല ഉണ്ടാകുന്നത്. ആദ്യം

ബാബ സർവ്വരേയും തിരിച്ച് വീട്ടിലേക്ക് കൊണ്ടു പോകും. ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ അവർ നരനിൽ നിന്നും നാരായണനും, നാരിയിൽ നിന്നും ലക്ഷ്മിയുമായി രാജ്യം ഭരിക്കും. അതായത് ഇപ്പോൾ ആദി സനാതന ദേവി ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടക്കുകയാണ്. നിങ്ങളെ ബാബ രാജ യോഗം അഭ്യസിപ്പിക്കുകയാണ്. 5000 വർഷങ്ങൾക്ക് മുമ്പ് എങ്ങനെയാണോ അഭ്യസിപ്പിച്ചിരുന്നത് പിന്നെ ഈ കല്പത്തിലും അതുപോലെ അഭ്യസിപ്പിക്കാൻ വന്നിരിക്കുകയാണ്. ശിവജയന്തി അഥവാ ശിവരാത്രി ആഘോഷിക്കുന്നുണ്ട്. രാത്രി അർത്ഥം കലിയുഗി പഴയ ലോകത്തിന്റെ അവസാനവും, പുതിയ ലോകത്തിന്റെ ആരംഭവുമാണ്. സത്യത്രേതാ യുഗം പകലാണ്, ദ്വാപര കലിയുഗം രാത്രിയാണ്. ബ്രഹ്മാവിന്റെ പരിധിയില്ലാത്ത പകൽ, പരിധിയില്ലാത്ത രാത്രി എന്ന് പറയുന്നുണ്ട്. കൃഷ്ണന്റെ പകലും രാത്രിയും എന്ന് പാടപ്പെട്ടിട്ടില്ല. കൃഷ്ണന് ഈ ജ്ഞാനം തന്നെ ഉണ്ടാവുകയില്ല. ശിവബാബയിൽ നിന്നാണ് ബ്രഹ്മാവിന് പോലും ജ്ഞാനം ലഭിച്ചത്. പിന്നെ ഈ ബ്രഹ്മാവിലൂടെ നിങ്ങൾ കുട്ടികൾക്കും ലഭിക്കും. അതായത് ശിവബാബ ബ്രഹ്മാ ശരീരത്തിലൂടെ ജ്ഞാനം നൽകുകയാണ്. നിങ്ങളെ ത്രികാലദർശി ആക്കുകയാണ്. മനുഷ്യ സൃഷ്ടിയിൽ ഒരാളു പോലും ത്രികാലദർശി അല്ല. അഥവാ ആയിരുന്നെങ്കിൽ ഈ ജ്ഞാനം നൽകാമായിരുന്നല്ലോ. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്? ആർക്കും ഈ ജ്ഞാനമൊന്നും നൽകാൻ കഴിയുകയില്ല.

സർവ്വർക്കും ഭഗവാൻ ഒരാളാണ്. കൃഷ്ണനെ സർവ്വരും ഭഗവാനാണെന്ന് പറയില്ല. കൃഷ്ണൻ രാജകുമാരനാണ്. രാജകുമാരൻ ഭഗവാനാകുമോ? അഥവാ രാജ്യം ഭരിക്കുന്നുണ്ടെങ്കിൽ പിന്നെ നഷ്ടപ്പെടുകയും ചെയ്യും. ബാബ പറയുകയാണ് നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി ഞാൻ നിർവ്വാണധാമത്തിലേക്ക് പോകും. പിന്നെ എപ്പോഴാണോ ദു:ഖം ആരംഭിക്കുന്നത് അപ്പോൾ എന്റെ പാർട്ടും ആരംഭിക്കും. ഞാൻ കേൾക്കുന്നുണ്ട്, എന്നെ ദയാമനസ്കൻ എന്നാണല്ലോ വിളിക്കുന്നത്. ആദ്യം അവ്യഭിചാരിയായ ഭക്തിയാണ് ഉണ്ടായിരുന്നത് അർത്ഥം ഒരു ശിവന്റെയാണ് ഭക്തി ചെയ്തിരുന്നത് പിന്നെ ദേവതകളുടെ പൂജ ആരംഭിക്കുന്നു. ഇപ്പോൾ ഭക്തിയും വ്യഭിചാരി ആയി. എപ്പോഴാണ് പൂജ ആരംഭിച്ചത് എന്നതും പൂജാരികൾക്ക് അറിയില്ല. ശിവനാണെങ്കിലും സോമനാഥനാണെങ്കിലും കാര്യം ഒന്നാണ്. ശിവൻ നിരാകാരനാണ്. സോമനാഥൻ എന്ന് എന്തുകൊണ്ടാണ് പറയുന്നത്? എന്തുകൊണ്ടെന്നാൽ സോമനാഥനായ ബാബ കുട്ടികൾക്ക് ജ്ഞാനാമൃതം നൽകുകയാണ്. ധാരാളം പേരുകളുമുണ്ട്, ബബുൽനാഥ് എന്നും പറയുന്നുണ്ട് എന്തുകൊണ്ടെന്നാൽ മുള്ളായിരുന്നവരെ പുഷ്പമാക്കി മാറ്റുന്നവൻ, സർവ്വരുടേയും സദ്ഗതി ദാതാവ് ബാബയാണ്. പിന്നെ ബാബയെ സർവ്വവ്യാപി എന്ന് പറയുന്നത് ബാബയെ ഗ്ലാനി ചെയ്തതല്ലേ. ബാബ പറയുകയാണ് ഇത് സംഗമത്തിന്റെ സമയമാണ് ഇപ്പോൾ ഞാൻ ഒരു തവണ വരും, എപ്പോഴാണോ ഭക്തി പൂർത്തിയാകുന്നത് അപ്പോൾ ഞാൻ വരും. ഇത് നിയമമാണ്. ഞാൻ ഒരു പ്രാവശ്യമാണ് വരുന്നത്. ബാബ ഒന്നാണ്, ഒരു തവണയാണ് അവതരിക്കുന്നതും. ഒരു തവണ വന്ന് സർവ്വരേയും പവിത്രമായ രാജയോഗികളാക്കും. നിങ്ങളുടേത് രാജയോഗമാണ്, സന്യാസിമാരുടേത് ഹഠയോഗമാണ്, അവർക്ക് രാജയോഗം പഠിപ്പിക്കാനൊന്നും കഴിയുകയില്ല. ഭാരതത്തിന്റെ നിലനിൽപിന് കാരണമായ ഒരു ധർമ്മമാണ് ഹഠയോഗികളുടേത്. പവിത്രത വേണമല്ലോ. ഭാരതം 100 ശതമാനം പാവനമായിരുന്നു, ഇപ്പോൾ പതിതമാണ്, അപ്പോഴാണ് വരൂ വന്ന് പാവനമാക്കൂ എന്നെല്ലാം പറയുന്നത്. പാവനമായ ജീവാത്മാക്കളുടെ ലോകമായിരുന്നു സത്യയുഗം. ഇപ്പോഴാണെങ്കിൽ ഗൃഹസ്ഥ ധർമ്മം പതിതമാണ്. സത്യയുഗത്തിലെ ഗൃഹസ്ഥ ധർമ്മം പാവനമായിരുന്നു. ഇപ്പോൾ വീണ്ടും അതേ പാവനമായ ഗൃഹസ്ഥ ധർമ്മത്തിന്റെ സ്ഥാപന നടക്കുകയാണ്. ഒരു ബാബ തന്നെയാണ് സർവ്വരുടേയും മുക്തി ജീവന്മുക്തി ദാതാവ്. മനുഷ്യന് മറ്റു മനുഷ്യർക്ക് മുക്തിയോ ജീവന്മുക്തിയോ നൽകാൻ കഴിയുകയില്ല.

നിങ്ങൾ ജ്ഞാനസാഗരനായ ബാബയുടെ കുട്ടികളാണ്. നിങ്ങൾ ബ്രാഹ്മണർ സത്യം സത്യമായ യാത്രയാണ് ചെയ്യിപ്പിക്കുന്നത്. ബാക്കി എല്ലാവരും അസത്യമായ യാത്ര ചെയ്യിപ്പിക്കുന്നവരാണ്. നിങ്ങൾ ഡബിൾ അഹിംസകരാണ്. ഒരു ഹിംസയും ചെയ്യുന്നില്ലല്ലോ– യുദ്ധവും ചെയ്യുന്നില്ല, കാമ വികാരത്തിലേക്ക് പോയി ഉപദ്രവിക്കുന്നുമില്ല. കാമവികാരത്തിനു മുകളിൽ വിജയം നേടാൻ വളരെ പരിശ്രമമുണ്ട്. വികാരങ്ങളെ ജയിക്കണം, നിങ്ങൾ ബ്രഹ്മാകുമാരന്മാരും കുമാരിമാരും ശിവബാബയിൽ നിന്നും സമ്പത്ത് നേടുകയാണ്, നിങ്ങൾ പരസ്പരം സഹോദരീ–സഹോദരന്മാരായി മാറിയിരിക്കുന്നു. നമ്മൾ നിരാകാരനായ ബാബയുടെ മക്കൾ ഇപ്പോൾ സഹോദര–സഹോദരരാണ് പിന്നെ ബ്രഹ്മാ ബാബയുടെ കുട്ടികളുമാണ്– അതിനാൽ തീർച്ചയായും നിർവ്വികാരി ആകണമല്ലോ അർത്ഥം വിശ്വത്തിന്റെ ചക്രവർത്തി പദവി നിങ്ങൾക്കാണ് ലഭിക്കുന്നത്. ഇത് അനേകം ജന്മങ്ങളുടെ അന്തിമത്തിലെ ജന്മമാണ്. കമലപുഷ്പത്തിനു സമാനം പവിത്രമാകണം, അപ്പോഴാണ് ഉയർന്ന പദവി ലഭിക്കുന്നത്. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ വളരെ വിവേകശാലികളാവുകയാണ്. സൃഷ്ടിയുടെ ജ്ഞാനം നിങ്ങളുടെ ബുദ്ധിയിൽ ഉണ്ട്. നിങ്ങൾ സ്വദർശന ചക്രധാരികളാ

ണ്. സ്വയം ആത്മാവിന്റെ ദർശനം ഉണ്ടാകുന്നു അർത്ഥം ജ്ഞാനം പരംപിതാ പരമാത്മാവിൽ നിന്നും ലഭിക്കുകയാണ്, ബാബയെ തന്നെയാണ് ജ്ഞാന സാഗരൻ എന്ന് വിളിക്കുന്നത്. മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ്, ചൈതന്യമാണ്. ഇപ്പോൾ ജ്ഞാനം നൽകുന്നതിന് വന്നിരിക്കുകയാണ്. ഒരു ബീജമാണ് ഉള്ളത്, ഇതും അറിയാം. ബീജത്തിൽ നിന്നും എങ്ങനെയാണ് വൃക്ഷം വരുന്നത്, ഇത് തലകീഴായ വൃക്ഷമാണ്. ബീജം മുകളിലാണ്. ആദ്യമാദ്യം ദൈവീക വൃക്ഷം വരും, പിന്നെ ഇസ്ലാമി, ബൗദ്ധി...വൃദ്ധി പ്രാപിക്കുകയാണ്. ഇപ്പോഴാണ് ഈ ജ്ഞാനം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നത് , ഇത് വേറെയാർക്കും നൽകാൻ കഴിയുകയില്ല. എന്താണോ നിങ്ങൾ കേൾക്കുന്നത്, ഇത് നിങ്ങളുടെ ബുദ്ധിയിൽ ഇരിക്കും. സത്യയുഗത്തിന്റെ ആരംഭത്തിൽ ഈ ശാസ്ത്രങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇത് 5000 വർഷത്തത്തിന്റെ എത്ര സഹജമായ കഥയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സമയം കുറവാണ്, വളരെ കഴിഞ്ഞു പോയി ബാക്കി കുറച്ചുണ്ട്......അതിനാൽ എത്ര ശ്വാസം ബാക്കിയുണ്ടോ - അത് ബാബയുടെ ഓർമ്മയിൽ സഫലമാക്കണം. പഴയ പാപത്തിന്റെ കർമ്മകണക്കുകളെ ഇല്ലാതാക്കണം

2) ശാന്തിയാകുന്ന സ്വധർമ്മത്തിൽ സ്ഥിതി ചെയ്യുന്നതിനു വേണ്ടി തീർച്ചയായും പവിത്രമാകണം. എവിടെയാണോ പവിത്രത ഉള്ളത് അവിടെ ശാന്തിയുണ്ടാകും. എന്റെ സ്വധർമ്മം തന്നെ ശാന്തിയാണ്, ഞാൻ ശാന്തി സാഗരനായ ബാബയുടെ സന്താനമാണ്...ഈ അനുഭവം ചെയ്യണം.

### വരദാനം:- നമ്രതയുടെ വിശേഷതയിലൂടെ സഹജമായി സഫലത പ്രാപ്തമാക്കുന്ന സർവ്വരുടെയും മാനനീയരായി ഭവിക്കട്ടെ.

സർവ്വരുടെയും ബഹുമാനം പ്രാപ്തമാക്കാനുള്ള മാർഗ്ഗമാണ്- വിനയമുള്ളവരാകുക. സ്വയത്തെ സദാ വിനയചിത്തത്തിന്റെ വിശേഷതയിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന ആത്മാക്കൾക്ക് സഹജമായി സഫലത പ്രാപ്തമാകും. വിനയാന്വിതരാകുക എന്നത് തന്നെ സ്വമാനമാണ്. വിനയം എന്നാൽ തല കുനിക്കലല്ല, മറിച്ച് സർവ്വരെയും തങ്ങളുടെ വിശേഷതയും സ്നേഹവും കൊണ്ട് തല കുനിപ്പിക്കലാണ്. വർത്തമാന സമയപ്രമാണം സദായും സഹജവുമായ സഫലത പ്രാപ്തമാക്കുന്നതിനുള്ള മൂലാധാരം ഇതുതന്നെയാണ്. ഓരോ കർമ്മത്തിലും സംബന്ധത്തിലും സമ്പർക്കത്തിലും വിനയമുള്ളവരാകുന്നവർ തന്നെയാണ് വിജയീരത്നമാകുന്നത്.

### സ്ലോഗൻ:- ജ്ഞാനത്തിന്റെ ശക്തി ധാരണ ചെയ്യൂ എങ്കിൽ വിഘ്നം യുദ്ധം ചെയ്യുന്നതിന് പകരം തോൽവിയടയും.